Noes.

1. Mr. M. A. Chakko.

Dr. A. R. Menon.—Government's view ?

Deputy President.—Government remain neutral.

20. Land Mortgage Bank.

The mover being absent the foliowing motion was considered witharawn.

Mr. E. Ikkanda Warriar.—*This Council recommends to the Government to take immediate steps to establish a Land Mortgage Bank in the State.*

21. Birth—Control Clinics.

Mr. K. Ayyappan.—The resolution standing in my name runs as follows :—

"This Council recommends to the Government to institute Birth control clinics in all the important hospitals of the State to give advice regarding birth-control to those who are in legitimate need of it".

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, അയിത്തോച്ചാടനനിശ്ചയത്തേക്കാളും ചിലക്കു പ്രയാസമായിതോന്നാവുന്ന ഒരു നിശ്ചയമാണിതെന്നു എനിയ്ക്കറിയാം. അയിത്തം ഇല്ലാതാക്കുന്നതു അസാധ്യമെന്നു ഒരിക്കൽ പലരെക്കെ വിശ്വാസമുണ്ടായിരുന്നു. അതു മാറിയതുപോലെ ജനനനിയന്ത്രണത്തെപ്പറ്റിയുള്ള അബദ്ധധാരണയും വേഗം മാറും. ജനനനിയന്ത്രണം രണ്ടു കാരണംകൊണ്ടാവശ്യമാണു്. ജനങ്ങളുടെ ധനസ്ഥിതി നന്നാകുന്നതിനനുസരിച്ചല്ല സന്താനങ്ങൾ വർദ്ധിയ്ക്കുന്നതു്. സന്താനങ്ങളെ വേണ്ട നിലയിൽ വളത്തിക്കൊണ്ടുവരുവാൻ മിക്കവർക്കും സാധിക്കാത്തമാതിരി സന്താനങ്ങൾ കൂടിപ്പോകുന്നു. പാശ്ചാത്യരാജ്യങ്ങളിൽപോലും ജനവർദ്ധനനിമിത്തം തൊഴിലില്ലായ്മ ഒഴിയാതെ നില്ക്കുന്നു. ആ സ്ഥിതിയ്ക്കു് വ്യവസായങ്ങൾക്കു അവിടത്തേടത്തോളം പരിഷ്കാരവും അഭിവൃദ്ധിയും സിദ്ധിച്ചിട്ടില്ലാത്ത ഇവിടത്തെ കഥ പറയാനില്ലല്ലൊ. സന്താനങ്ങൾ അവരവരുടെ സ്ഥിതിയ്ക്കനുസരിച്ചു ഉണ്ടാകാവൂ എന്നു വരുത്തണം. ദൈവം നിശ്ചയിയ്ക്കുന്നിടത്തോളം മക്കൾ ഇരിക്കട്ടെ എന്നു വിചാരിച്ചു നിയന്ത്രണമില്ലാതെ സന്തത്യുൽപാദനം പാടില്ലാത്തതാണു്. ഈ കാര്യത്തിൽ ദൈവത്തെ വെറുതെ പിടിച്ചുകൊണ്ടുവന്നിടേണ്ടാവശ്യമില്ല. നമുക്കു ആവശ്യമുള്ള നല്ല കാര്യങ്ങൾക്കൊന്നിനും ദൈവനിശ്ചയം എതിരാണെന്നു വിചാരിയ്ക്കേണ്ടതില്ല. ജനന നിയന്ത്രണം ഹിംസയാണെന്നുള്ള ധാരണയും അബദ്ധമാണു. ഒരു തുള്ളിയിൽ എത്രയൊ ആയിരം ബീജങ്ങൾ ഉണ്ടു്. എത്രയോ കോടി ബീജങ്ങൾ നശിച്ചിട്ടാണു് ഒന്നു നമുക്കു സന്താനമായികിട്ടുന്നതു്. പ്രകൃതിയുടെ വിധിയിൽ ഒരു ലോഭവും ഇല്ല. പ്രകൃതി വിധിക്കുന്നതിൽ നിന്നെല്ലാംനമ്മൾ വിളവെടുക്കണമെന്നു വയ്ക്കുന്നതു വലിയ സാഹസമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly